"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായിക വകുപ്പ് - മൈനിംഗ് & ജിയോളജി - ശ്രീമതി രജനി പി.പി, പോയിൽ ഹൗസ്, കയനി, കരിന്തളം, കാസർഗോഡ് 2015 ലെ കെ.എം.സി ചട്ടങ്ങൾ പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ വകുപ്പ്**

G.O.(Rt) No.606/2026/ID തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 26.5.2023 ലെ 1287/2023/O/o GDOKAS DMG 62971/2023 നമ്പർ നോട്ടീസ്
2. ശ്രീമതി രജനി പി.പി, പോയിൽ ഹൗസ്, കയനി, കരിന്തളം, കാസർഗോഡ് സമർപ്പിച്ച അപ്പീൽ അപേക്ഷ
3. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 20/4/2026 ലെ ഡി.എം.ജി/791/2026-എം6 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ കരിന്തളം വില്ലേജിലെ റിസർവ്വെ നമ്പർ 89/ 1 ൽ പ്പെട്ടതും ശ്രീമതി. രജനി എന്നയാളുടെ ഭർതൃമാതാവിന്റെ കൈവശാവകാശത്തിലുള്ളതുമായ സ്ഥലത്ത് നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കരിന്തളം വില്ലേജ് ആഫീസറുടെ മഹസ്സറിൽ രേഖപ്പെടുത്തിയ അളവ് പ്രകാരം അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്ത ചെങ്കല്ലിൽ നിന്നും പാഴായിപോയതിന്റെ അളവ് കുറച്ച് ബാക്കി 2170 ക്യൂബിക് മീറ്റർ ചെങ്കല്ലിന്റെ റോയൽറ്റി, വില, കോംമ്പൗണ്ടിംങ് ഫീ എന്നീ ഇനത്തിലുള്ള തുകയായ 4,15,600/- (നാല് ലക്ഷത്തി പതിനഞ്ചായിരത്തി അറുന്നൂറ് രൂപ മാത്രം) സർക്കാരിലേക്ക് ഈടാക്കുന്നതിന് പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റ് നൽകിയ നോട്ടീസിനെതിരെ യാണ് പരാമർശം (2) പ്രകാരം ശ്രീമതി. രജനി അപ്പീൽ ഹർജി സമർപ്പിച്ചിരിക്കുന്നത്. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന്റെ അപ്പീൽ അധികാരി ഹർജിക്കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 21/4/2026 ന് നേരിൽ കേട്ടു.

ഹിയറിംഗ് വേളയിൽ ശ്രീമതി. രജനി, ഡിമാന്റ് നോട്ടീസിൽ പരാമർശിച്ചിരുന്ന സ്ഥലം ഭർതൃമാതാവിന്റെ കൈവശാവകാശത്തിലിരുന്ന സമയത്തുള്ള അനധികൃത ഖനനത്തിനാണ് തനിക്ക് നോട്ടീസ് നൽകിയിരിക്കുന്നതെന്നും തന്റെ ഭർതൃമാതാവും ഭർത്താവും ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്നും താൻ ഒരു ക്യാൻസർ രോഗിയാണെന്നും ഡിമാൻറ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് ഖനനം നടത്തിയിട്ടില്ലെന്നും ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുവാനുള്ള ശേഷി തനിക്കില്ലെന്നും ചികിത്സാ ചെലവിനുള്ള കാശ് പോലും ഇല്ലെന്നും അതിനാൽ ഡിമാൻറ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും

അല്ലെങ്കിൽ കക്ഷിയുടെ കൈവശത്തിലുള്ള സ്ഥലത്ത് ഒരിക്കൽ കൂടി കക്ഷിയുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തണമെന്നും ഹർജിക്കക്ഷി ആവശ്യപ്പെട്ടു.

ഹർജി വിഷയത്തിൽ പരാമർശം (3) പ്രകാരം ഡി.എം.ജി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ കാസറഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ കരിന്തളം വില്ലേജിലെ റീ സർവ്വേ നമ്പർ 89/1 ൽപ്പെട്ടതും ശ്രീമതി ചെമ്മരത്തി, W/o അമ്പൂഞ്ഞി, കയനി, കരിന്തളം പി.ഒ, കാസറഗോഡ് ജില്ല എന്നവരുടെ കൈവശാവകാശത്തിലുള്ള സ്ഥലത്തു നിന്നും അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്തതിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി വെള്ളരിക്കുണ്ട് തഹസിൽദാർ 28.06.2021 തീയതിയായി ബി4-361/2019 നമ്പർ കത്ത് ജില്ലാ ആഫീസിലേക്ക് അയച്ചിരുന്നു. ആയതിനോടൊപ്പം കരിന്തളം വില്ലേജ് ആഫീസർ എഴുതി തയ്യാറാക്കിയ മഹസ്സർ, അനധികൃതമായി ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്ത സ്ഥലം മാർക്ക് ചെയ്ത സ്കെച്ച് എന്നിവയും ഉള്ളടക്കം ചെയ്തിരുന്നു. മഹസ്സറിൽ ടി സ്ഥലത്തുനിന്നും 42 മീറ്റർ നീളത്തിലും 41 മീറ്റർ വീതിയിലും 1.80 മീറ്റർ താഴ്ചയിലും ചെങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. തുടർന്ന് 24.08.2021, 26.05.2023 തീയതികളിലായി ജില്ലാ ആഫീസിൽ നിന്നും സ്ഥലമുടമയായ ശ്രീമതി ചെമ്മരത്തി എന്നവർക്ക് ടി വിഷയവുമായി ബന്ധപ്പെട്ട് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.. ആയതിന് 05.06.2023 തീയതിയിൽ സ്ഥലമുടമയായ ശ്രീമതി ചെമ്മരത്തി എന്നവർ സമർപ്പിച്ച മറുപടിയിൽ കൃഷി ആവശ്യത്തിന് വേണ്ടിയാണ് ഭൂമി നികത്തിയതെന്നും ടി ഭൂമിയിൽ നിലവിൽ കശുമാവ് കൃഷി ചെയ്തു വരികയാണെന്നും നിയമനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അറിയിച്ചിരുന്നു. ആയത് നിയമപരമായി അംഗീകരിക്കാൻ സാധിക്കാത്തതിനെ തുടർന്ന് കരിന്തളം വില്ലേജ് ആഫീസറുടെ മഹസ്സറിൽ മേൽ സ്ഥലത്തുനിന്നും അനധികൃതമായി ഖനനം ചെയ്ത് നീക്കം ചെയ്തതായി രേഖപ്പെടുത്തിയ 3099.6 ക്യൂബിക് മീറ്റർ ചെങ്കല്ലിൽ നിന്നും പാഴായിപ്പോയ ചെങ്കല്ലിൻറെ അളവ് 30% കുറച്ച് ബാക്കി 2170 ക്യുബിക് മീറ്റർ ചെങ്കല്ലിന് ക്യൂബിക് മീറ്ററിന് 60/- രൂപ നിരക്കിൽ 1,30,200/- രൂപ റോയൽറ്റിയും, വിലയിനത്തിൽ 2,60,400/- രൂപ (റോയൽറ്റിയുടെ 2 മടങ്ങ്)യും, കോംമ്പൗണ്ടിംങ് ഫീ ഇനത്തിൽ 25,000/- രൂപയും കൂടി ആകെ 4,15,600/- രൂപ (നാല് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിന് 30.03.2024 തീയതിയിൽ രജിസ്റ്റേർഡ് ഡിമാൻറ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ടി ഡിമാൻ്റ് നോട്ടീസ് സ്ഥലമുടമ കൈപ്പറ്റിയിരുന്നുവെങ്കിലും ഡിമാൻറ് തുക നിശ്ചിത സമയ പരിധിക്കകം സർക്കാരിലേക്ക് ഒടുക്കാത്തതിനെ തുടർന്ന് 19.09.2024 തീയതിയിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിൻറെ ഭാഗമായി ജില്ലാ ജിയോളജിസ്റ്റ് 56/2024-25/DOKAS-DMG/164/2023-M നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. റവന്യൂ റിക്കവറി ഉത്തരവിൽ പറഞ്ഞ തുക നിശ്ചിത സമയ പരിധിക്കകം സർക്കാരിലേക്ക് ഒടുക്കാത്തതിനെ തുടർന്ന് 05.07.2025 തീയതിയായി Req No. 2025/4656/14 പ്രകാരം ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി ഫയൽ ചെയ്തിട്ടുള്ളതാണ്. അപ്പീൽ ഹർജിയിൽ തുക ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനുള്ള അനുബന്ധമായി അപ്പീൽ അപേക്ഷകയുടെ അമ്മയായ ശ്രീമതി ചെമ്മരത്തി കിടപ്പു രോഗിയാണെന്നുള്ള കരിന്തളം കുടുംബാരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റും കൂടാതെ ശ്രീമതി ചെമ്മരത്തിയുടെ മകൻ മരണപ്പെട്ടതിന്റെ Death certificate ഉം ഹാജരാക്കിയിട്ടുള്ളതാണെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഹർജിവിഷയം അപ്പീൽ അധികാരി വിശദമായി പരിശോധിച്ചു. അനധികൃതഖനനം നടത്തിയ സമയത്തുള്ള വസ്തുവിനെറ ഉടമ മരണപ്പെട്ടു പോയതിനാലും,ടി വസ്തുവിലെ നിലവിലെ

ഉടമസ്ഥയായ അപ്പീൽ കക്ഷി ഡിമാൻറ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് ഖനനം നടത്തിയിട്ടില്ലെന്നു തറപ്പിച്ച് പറഞ്ഞതിനെറയും അടിസ്ഥാനത്തിൽ അപ്പീൽ കക്ഷിയുടെ കൈവശാവകാശത്തിലുള്ള സ്ഥലത്ത് ടിയാളുടെ സാന്നിദ്ധ്യത്തിൽ പുന.പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവ് അളന്ന് തിട്ടപ്പെട്ടുത്തി അതനുസരിച്ച് അനുയോജ്യമായ തുടർനടപടികൾ, നടപടിക്രമങ്ങൾ പാലിച്ച് സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി ശ്രീമതി. രജനി പോയിൽ ഹൗസ്, കയനി, കരിന്തളം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
B AJITHA
ADDITIONAL SECRETARY

ശ്രീമതി രജനി പി.പി, പോയിൽ ഹൗസ്, കയനി, കരിന്തളം, കാസർഗോഡ് 671314

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഡയറക്ടർ, മൈനിംഗ് & ജിയോളജി , തിരുവനന്തപുരം

ജില്ലാ ജിയോളജിസ്റ്റ്, കാസർഗോഡ്

വിവരം പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എ4/46/2025-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 25-05-2026 16:15:51